# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2830 — 18.08.2017 -ൽ മറുപടിക്ക്

## റവന്യൂ വകുപ്പിലെ ഗ്രൂപ്പ് വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന വിവരം നൽകാമോ; ഈ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പ്രത്യേകം ഓഫീസാക്കി മാറ്റുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>(ബി) 2006-2011 -സർക്കാറിന്റെ സമയത്ത് പ്രത്യേകം കെട്ടിടം ഉണ്ടായിരുന്ന ഗ്രൂപ്പ് വില്ലേജാഫീസുകളെ വിഭജിച്ച് പുതിയ വില്ലേജാഫീസ് പ്രവർത്തനം ആരംഭിച്ചിരുന്നതുപോലെയുള്ള മാതൃക സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) & (ബി) റവന്യൂ വകുപ്പിൽ 100 ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്. ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. |
| (സി) സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഒരു വില്ലേജ് അസിസ്റ്റന്റിനെ നിയമിക്കണമെന്ന 9-ാം ശമ്പള കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ; | (സി) പ്രസ്തുത വിഷയം പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പുതിയ അധികാര കേന്ദ്രമായി മാറുന്ന അക്ഷയ കേന്ദ്രങ്ങളെ ഒഴിവാക്കി പകരം വില്ലേജാഫീസുകളിൽ തന്നെ ഫ്രണ്ട് ഓഫീസായി പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ഡി) | റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്നകാര്യം പരിഗണിച്ച് വരുന്നു. |
| (ഇ) | ഇ-ഡിസ്ട്രിക്റ്റിൽ-ൽ നിരന്തരമായി ഉണ്ടാകുന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | ഇന്റർനെറ്റ് കണക്ടിവിറ്റി തകരാറുകൾ മൂലവും അപേക്ഷകരുടെ ബാഹുല്യവും മൂലം ചില അവസരങ്ങളിൽ ഇ-ഡിസ്ട്രിക്റ്റ് സംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ലഭ്യമാകുന്നതിനും കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐ.റ്റി.മിഷനുമായും എൻ.ഐ.സി.യുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനായി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിലും 05-09-2013-ലെ സർക്കാർ സർക്കുലർ നം.29086/T3/13/Rev പ്രകാരം സാങ്കേതിക തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിൽ നേരിട്ട് അപേക്ഷിക്കുന്നവരുടെ സർട്ടിഫിക്കറ്റ് നേരിട്ട് നൽകുന്നത് പരിഗണിക്കണം എന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. |
| (എഫ്) | ഭൂനികുതി ഉൾപ്പെടെ റവന്യൂ വകുപ്പിൽ ഈടാക്കുന്ന നികുതികൾ അടക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എഫ്) | റവന്യൂ വകുപ്പ് സ്വീകരിക്കുന്ന എല്ലാവിധ നികുതികളും ഫീസുകളും ഓൺലൈനായി വില്ലേജ് ഓഫീസ് മുഖേനയോ നേരിട്ടോ ഇ-പെയ്മെന്റ് സംവിധാനം മുഖേന ഓൺലൈനായി സ്വീകരിക്കാനുള്ള സൗകര്യം ഘട്ടം ഘട്ടമായി മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ആദ്യഘട്ടമായി വില്ലേജ് റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ് ആരംഭിച്ച വില്ലേജുകളിൽ ഭൂനികുതി ഈ സംവിധാനം വഴി അടയ്ക്കുവാൻ സജ്ജമാക്കിയിട്ടുണ്ട്. |
| (ജി) | ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ പദ്ധതി ഏതുവരെ എത്തി, എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ; സംയോജിത സമഗ്ര റവന്യൂ പോർട്ടൽ പരിഗണയിലുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനം ഏത് ഘട്ടത്തിൽ എത്തി ;എന്ന് ഉപയോഗയോഗ്യമാകും എന്ന് വ്യക്തമാക്കാമോ ? | (ജി) | സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (BTR), തണ്ടപ്പേർ രജിസ്റ്ററുകൾ (TPR) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ ഇതിനകം 1243 എണ്ണത്തിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ, |

പ്രസ്തുത വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഇ പെയ്മെന്റ് എന്നിവ നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ബി.റ്റി.ആർ ഡിജിറ്റൈസേഷൻ, റ്റി.പി.ആർ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ബി.റ്റി.ആർ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ 1243 വില്ലേജുകളിൽ 450 എണ്ണത്തിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഇതിനോടകം ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മറ്റ് പ്രതികൂല സാഹചര്യങ്ങളില്ലായെങ്കിൽ നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഭൂനികുതി രജിസ്റ്ററുകൾ, തണ്ടപ്പേർ രജിസ്റ്ററുകൾ എന്നീ അടിസ്ഥാന ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽ പറഞ്ഞ ഡിജിറ്റൈസേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതെങ്കിലും ഘട്ടത്തിൽ ആവശ്യകത ബോധ്യമാകുന്ന പക്ഷമോ മാത്രമേ റവന്യൂ പോർട്ടൽ സംബന്ധിച്ച മേൽ നടപടികൾ എടുക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**